**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

14.03.2017 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3648

## വർക്കല ഇടവ പി.എച്ച്.സി.

| ചോദ്യം<br><br>ശ്രീ.വി. ജോയി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വർക്കല മണ്ഡലത്തിലെ ഇടവ പി.എച്ച്.സി.യിൽ ഉണ്ടായിരുന്ന കിടത്തി ചികിത്സ നിർത്തലാക്കിയോ; എങ്കിൽ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | ഇടവ പി.എച്ച്.സി.യിൽ മുൻകാലങ്ങളിൽ കിടത്തി ചികിത്സയ്ക്ക് ആവശ്യമായ തസ്തികകൾ അനുവദിച്ചിരുന്നു. എന്നാൽ ഇപ്പോൾ കിടത്തി ചികിത്സ ഇല്ല. ഐ.പി. വിഭാഗത്തിൽ വരുന്ന രോഗികളുടെ കുറവ് മൂലം ഐ.പി തുടരേണ്ട സാഹചര്യം ഇല്ലാതെവരികയും തുടർന്ന് പ്രസ്തുത തസ്തികകൾ ആവശ്യംവേണ്ട മറ്റു സ്ഥാപനങ്ങളിലേക്ക് മാറ്റുകയുമാണ് ചെയ്തത്. |
| (ബി) | ആർദ്രം പദ്ധതിയിൽ വർക്കല മണ്ഡലത്തിലെ ചെമ്മരുതി, അയിരൂർ, മടവൂർ പി.എച്ച്.സി.കൾ ഉൾപ്പെടുത്താമോ എന്ന് വ്യക്തമാക്കാമോ? | (ബി) | കേരള സർക്കാർ ആവിഷ്കരിച്ച ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ (റവന്യൂബ്ലോക്ക് നിയമസഭാ മണ്ഡലത്തിൽ നിന്ന് ഒന്നു വീതം). കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. വർക്കല മണ്ഡലത്തിൽ നിന്ന് ഇതിനായി തെരെഞ്ഞെടുത്തിരിക്കുന്നത് ചെമ്മരുതി പി.എച്ച്.സിയെ ആണ്. |

സെക്ഷൻ ഓഫീസർ